"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ അനിൽകുമാർ എൽ.റ്റി. യുടെ മകനും ആശ്രിതനുമായ ശ്രീ. അമൽദേവ് എ.വി., ക്ക് പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.146/2023/LSGD തീയതി,തിരുവനന്തപുരം, 18-01-2023

---

പരാമർശം:-
1. ശ്രീ. അമൽദേവ്. എ.വി സമർപ്പിച്ച 22.02.2022-ലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 20/05/2022-ലെ PAN/6499/2022-E14(DP) നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16/12/2022 ലെ DCTVM/5878/2022-S6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട അനിൽകുമാർ എൽ.റ്റി. യുടെ മകനും ആശ്രിതനുമായ ശ്രീ. അമൽദേവ് എ.വി., സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ. അമൽദേവ് എ.വി സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ തിരുവനന്തപുരം ജില്ലാ കളക്ടർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ 11/11/2016 - ലാണ് അനിൽകുമാർ എൽ.റ്റി. നിര്യാതനാവുന്നത്. സേവന സാക്ഷ്യപത്രം പ്രകാരം മരണപ്പെട്ട അനിൽകുമാർ എൽ റ്റി യുടെ ജനനതീയതി 20.04.1965 ഉം, മരണത്തീയതി 11.11.2016 ഉം ആണ്. ടിയാൻ 21.04.1993 ന് ജോലിയിൽ പ്രവേശിച്ചു. പരേതന്റെ സേവനകാലം 23 വർഷം 06 മാസം 21 ദിവസം ആണ്. കാട്ടാക്കട തഹസിൽദാർ നൽകിയ അനന്തരാവകാശ സാക്ഷ്യപത്രം പ്രകാരം അപേക്ഷൻ ഉൾപ്പെടെ പരേതന്റെ അമ്മ ശ്രീമതി ലാൻസിറോസ്, ഭാര്യ ശ്രീമതി വിജയശ്രീകുമാരി. വി, മുതിർന്ന മകനായ ശ്രീ. അഭയദേവ്. എ.വി എന്നിങ്ങനെ നാല് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ

മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനായ അമൽദേവ്. എ.വി യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് സമ്മതമാണെന്ന് പരേതന്റെ മറ്റ് അനന്തരാവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്.

അപേക്ഷകന്റെ ജനനതീയതി 23.08.2003 ആണ്. എസ്.എസ്. എൽ.സി / സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷാകക്ഷിക്ക് 19 വയസ്സുണ്ട്. അപേക്ഷകൻ ക്ലാർക്ക് തസ്തികയിലുള്ള നിയമനത്തിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. അപേക്ഷ സമർപ്പിച്ച തീയതി 22/02/2022 ആണ്. അപേക്ഷകൻ SSLC പരീക്ഷ വിജയിച്ചിട്ടുണ്ട്. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 3,67,740/- (മൂന്ന് ലക്ഷത്തി അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി നാല്പത് രൂപ മാത്രം) രൂപയാണ്. അപേക്ഷകൻ മറ്റ് ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്ന് സമ്മത പത്രം സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട അനിൽകുമാർ എൽ.റ്റി. യുടെ മകനും ആശ്രിതനുമായ ശ്രീ. അമൽദേവ് എ.വി., യ്ക്ക് ജി.ഒ.(പി) നം.12/99/പി. & എ.ആർ.ഡി തീയതി 24.5.1999 ലെ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്ത് വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ടി ആശ്രിതനിയമനം ആകെ നിയമനത്തിന്റെ 5% ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിലവിലുള്ളതോ, ഉടനെ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നല്കുന്നതിന് തദ്ദേശ സ്വയംഭരണ (റൂറൽ) ഡയറക്ടർക്ക് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരേതനായ അനിൽകുമാർ എൽ.റ്റി. യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (റൂറൽ) ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അപേക്ഷകനെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ശ്രീ. അമൽദേവ് എ.വി യ്ക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണം (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. അമൽദേവ് എ.വി., S/o (late) അനിൽകുമാർ എൽ.റ്റി, അഭയം, മൈലച്ചൽ, ഒറ്റശേഖരമംഗലം പി.ഒ, തിരുവനന്തപുരം - 695 125. ***(രജിസ്റ്റേർഡ് തപാൽ മുഖാന്തിരം).***
3. ജില്ലാ കളക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണം (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. *(ഇപിബി1/85/2022-തസ്വഭവ നമ്പർ ഫയലിലേക്ക്)*

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 18-01-2023 13:47:29
സെക്ഷൻ ഓഫീസർ